'ബഡ്സ് സ്കൂളുകളുടെ' സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

145(437) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമം ലക്ഷ്യമാക്കി എത്ര 'ബഡ്സ് സ്കൂളുകൾ' ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകത്തക്ക തരത്തിൽ സ്കൂൾ ബസുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സ്കൂളുകളുടെ വികസനത്തിനും കുട്ടികളുടെ ക്ഷേമത്തിനുമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷൻ ലഭിച്ച 31 ബഡ്സ് സ്കൂളുകൾ ചുവടെ ചേർത്തിട്ടുള്ള ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

ക്രമ നമ്പർ	ജില്ല	എണ്ണം
1.	തിരുവനന്തപുരം	1
2.	കൊല്ലം	1
3.	ആലപ്പുഴ	2
4.	എറണാകുളം	13
5.	മലപ്പുറം	2
6.	കണ്ണൂർ	5
7.	കോഴിക്കോട്	7

(ബി) ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകത്തക്ക തരത്തിൽ സ്കൂൾ ബസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ ആദ്യഘട്ടത്തിൽ അംഗീകാരം ലഭിച്ച 11 സ്കൂളുകൾക്ക് സ്കൂൾ ബസ് വിതരണം ചെയ്യുകയുണ്ടായി. സാമൂഹ്യ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ട് ബാക്കിയുള്ള സ്കൂളുകൾക്കും ബസ് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്കൂളുകളുടെ വികസനത്തിനും കുട്ടികളുടെ ക്ഷേമത്തിനുമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

- ബഡ്സ് സ്കൂളുകളിൽ ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസ-ആരോഗ്യ, സാമൂഹ്യക്ഷേമ വകുപ്പുകൾ, കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ് (തിരുവനന്തപുരം മെഡിക്കൽ കോളേജ്) എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.
- സ്കൂൾ പ്രിൻസിപ്പൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ തുടങ്ങിയവർക്ക് സ്കൂൾ മാനേജ്മെന്റ് പരിശീലനം.
- തൊഴിലധിഷ്ഠിത പഠന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ.
- ബഡ്സ് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം.
- ഒരു ബ്ലോക്കിൽ കുറഞ്ഞത് ഒരു സ്കൂളെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാക്ഷരതാ മിഷൻ പ്രവർത്തനം

146(438) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ "അതുല്യം" എന്ന പേരിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ 4-ാം തരം തുല്യതായജ്ഞത്തിലേക്ക് ഒരു നഗരസഭയിൽ നിന്നും എത്ര വാർഡുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) മുനിസിപ്പാലിറ്റിയിൽ എത്ര വാർഡുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) അതുല്യം സമ്പൂർണ്ണ 4-ാം തരം തീവ്രയത്ന പദ്ധതിക്കായി ഒരു മുനിസിപ്പാലിറ്റിയിൽ നിന്നും ഒരു വാർഡ് വീതമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതേ സംവിധാനം ഉപയോഗിച്ച് മറ്റെല്ലാ വാർഡുകളിലും പദ്ധതി നടപ്പിലാക്കുന്നതായിരിക്കും.

സാമ്പത്തിക ക്രമക്കേട് തടയാൻ നടപടി

147(439) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) 2001-2006 കാലത്തെ എത്ര സാമ്പത്തിക ക്രമക്കേടുകളാണ് പിന്നീട് കണ്ടെത്തിയത്; വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) അത്തരം കേസ്സുകളിൽ പിന്നീട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിലെ വിവിധ മുനിസിപ്പാലിറ്റികളിൽ അത്തരം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly